(ബി) നടപ്പുവർഷം കോഴ്സ് അനുവദിക്കാൻ വകുപ്പുതലത്തിൽ ശിപാർശ നൽകുമോ ?

ഉത്തരം

(എ) കാസർഗോഡ് കൊടക്കാട് മോഡൽ റസിഡൻഷ്യൽ സ്കൂളിൽ പ്ലസ് ടു കോഴ്സ് ആരംഭിക്കുന്നതിനുള്ള ക്ലാസ് മുറികൾ ഉണ്ടെങ്കിലും, നിലവിലുള്ള ഹോസ്റ്റലിൽ പ്ലസ് ടു കോഴസ് വിദ്യാർത്ഥികളെ കൂടി പ്രവേശിപ്പിക്കാനുള്ള സൗകര്യം ഇല്ലാത്തതാണ് പ്ലസ് ടു കോഴ്സ് ആരംഭിക്കുവാൻ വൈകുന്നതിന്റെ കാരണം.

(ബി) പ്ലസ് ടു കോഴ്സിലെ വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുന്നതിനായുള്ള ഹോസ്റ്റൽ കെട്ടിടം നിർമ്മിക്കുന്നതിന് ഡീറ്റൈൽസ് എസ്റ്റിമേറ്റ് എടുക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്തിയതിനു ശേഷം പ്ലസ് ടു കോഴ്സ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

പട്ടികജാതി വിദ്യാർത്ഥികളുടെ ഹോസ്റ്റൽ ഫീസ് സ്വീകരിച്ച നടപടി

275 (972) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പട്ടികജാതി വിദ്യാർത്ഥികൾക്ക് സർക്കാർ ഹോസ്റ്റലിൽ പ്രവേശനം ലഭിക്കാത്ത സാഹചര്യത്തിൽ മറ്റ് ഹോസ്റ്റലുകളിൽ താമസിക്കുമ്പോൾ നൽകേണ്ട ഹോസ്റ്റൽ ഫീസ് അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇതിനായി നടപടി സ്വീകരിക്കുമോ ?

ഉത്തരം

സർക്കാർ ഹോസ്റ്റലിൽ പ്രവേശനം ലഭിക്കാത്ത സാഹചര്യത്തിൽ, മറ്റ് ഹോസ്റ്റലുകളിൽ താമസിക്കുന്നതിന് ഹോസ്റ്റൽ ഫീസ് അനുവദിച്ച് വരുന്നുണ്ട്.

പട്ടികജാതി വിഭാഗ അനാഥ കുട്ടികളുടെ സംരക്ഷണം

276 (973) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട അനാഥ കുട്ടികളെ സംരക്ഷിക്കാൻ പട്ടികജാതി വകുപ്പിന് പ്രത്യേക പദ്ധതി ഉണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly